# കേരള സർവകലാശാല

നം. പി.ആർ.102/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എസ്‌സി ബയോകെമിസ്ട്രി പരീക്ഷ

മേയ് ഏഴിന് നടത്താനിരുന്ന ആറാം സെമസ്റ്റർ ബി.എസ്‌സി ബയോകെമിസ്ട്രി (ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം, സി.ബി.സി.എസ്.എസ്) യുടെ ഇലക്ടീവ് പേപ്പർ ബി.സി 'BC1661.2 - Immunology and Immunological Techniques' പരീക്ഷ മേയ് ഒൻപതിന് അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തും. സമയക്രമത്തിൽ മാറ്റമില്ല.

## മനുഷ്യാവകാശങ്ങളും കടമകളും - സർട്ടിഫിക്കറ്റ് കോഴ്സ്

നിയമവകുപ്പ് സൗജന്യമായി നടത്തുന്ന മൂന്ന് മാസ ദൈർഘ്യമുള്ള 'മനുഷ്യാവകാശങ്ങളും കടമകളും' എന്ന സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു അല്ലെങ്കിൽ തത്തുല്യമാണ് അടിസ്ഥാന യോഗ്യത. താല്പര്യമുള്ളവർ വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പും തിരിച്ചറിയൽ രേഖയുടെ പകർപ്പും സഹിതം കാര്യവട്ടത്തുള്ള നിയമവകുപ്പിന്റെ ഓഫീസിൽ സമർപ്പിക്കണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മേയ് 16. കൂടുതൽ വിവരങ്ങൾക്ക്: 0471-2308936.

## ഇന്റേൺഷിപ്പിന് അപേക്ഷിക്കാം

ബയോഇൻഫർമാറ്റിക്സ് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഡി.ബി.റ്റി സെന്ററിൽ 'Catch Them Young' പദ്ധതിയിൽ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിന് അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് dcb.res.in സന്ദർശിക്കുക.

## അപേക്ഷ ക്ഷണിച്ചു

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ (2018-2019) പാർട്ട്-ടൈം ഈവനിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അടിസ്ഥാന യോഗ്യത: അംഗീകൃത സർവകലാശാല ബിരുദം. കേരള സർവകലാശാലയുടെ ക്യാഷ് കൗണ്ടറിൽ നിന്നും 30 രൂപ ചെലാൻ അടച്ച് മേയ് ഏഴ് മുതൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ നിന്നും അപേക്ഷാഫോം വാങ്ങാവുന്നതാണ്. ജൂലൈ നാലിന് രാവിലെ 10 മണിക്ക് പഠന വകുപ്പിൽ വച്ച് പ്രവേശന പരീക്ഷ നടത്തും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മേയ് 25.

## സമ്പർക്ക ക്ലാസ്സുകൾ

വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ, എം.എൽ.ഐ.എസ്.സി സമ്പർക്ക ക്ലാസ്സുകൾ മേയ് അഞ്ച് മുതൽ പാളയം എസ്.ഡി.ഇ-യിൽ വച്ച് നടത്തും.

തിരുവനന്തപുരം.
04.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**